ശ്രീ. ബി. വെല്ലിംഗ്ടൺ: യോഗ്യതയുള്ളവരുടെ അഭാവത്തിലാണു് ഡിപ്ലോമാക്കാർക്കു് പ്രമോഷൻ നൽകിയിട്ടുള്ളതു്. യോഗ്യതയുള്ളവർ വരുന്നതനുസരിച്ചു് റീപ്ലേസു് ചെയ്യുന്നതായിരിക്കും.

മൈനർ ഇറിഗേഷൻ പ്രവർത്തനങ്ങൾ

* 145 (530) ശ്രീ. പി. പി. ജോർജ്ജു്:
,, എൻ. കെ. ബാലകൃഷ്ണൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്കു് ജലസേചനവും സഹകരണവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി 1969–70–ലെ ബഡ്ജറ്റിൽ എത്ര തുക നിശ്ചയിച്ചു;

(ബി) ഈ ഇനത്തിൽ ഇതുവരെ എത്ര ചെലവായിട്ടുണ്ടു്;

(സി) ഈ വർഷത്തിന്റെ ബാക്കി കാലത്തേക്കു് മൈനർ ഇറിഗേഷൻ പ്രവർത്തനങ്ങൾ സ്തംഭിക്കാതിരിക്കാൻ എന്തെല്ലാം പരിപാടികളാണു് ഗവണ്മെന്റു് ആവിഷ്കരിച്ചിട്ടുള്ളതു്;

(ഡി) ഇതേവരെ തുക അനുവദിക്കാത്തതിനാൽ എറെറടുത്ത പദ്ധതികൾ തുടർന്നു നടത്തുവാനും പുതിയവ ആരംഭിക്കുവാനും സാധിക്കാതെവന്നതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജലസേചനവും സഹകരണവും മന്ത്രി (ശ്രീ. പി. രാമുണ്ണിക്കുറുപ്പു്): (എ) (ബി) മൈനർ ഇറിഗേഷൻ ക്ലാസ്സു് 1 വർക്കു്, ക്ലാസ്സു് 2 വർക്കു്, ലിഫ്റ്റു് ഇറിഗേഷൻ വർക്കു് എന്നിവക്കു് മൊത്തമായി 86,20,000 രൂപാ 1969–70–ലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. ക്ലാസ്സു് 2 മൈനർ ഇറിഗേഷൻ പദ്ധതികൾക്കായി 6–1969 വരെ 48,73,287 രൂപാ ചെലവാക്കികഴിഞ്ഞിട്ടുണ്ടു്. ഇതു് ഈ വർക്കുകൾക്കു് അനുവദിച്ചിട്ടുള്ളതിൽ കൂടുതലാണു്. ഇതുകൂടാതെ ക്ലാസ്സു് 1 മൈനർ ഇറിഗേഷൻ വർക്കുകൾക്കു് 2,42,570 രൂപായും ലിഫ്റ്റു് ഇറിഗേഷൻ വർക്കുകൾക്കു് 2,40,540 രൂപായും ചെലവാക്കികഴിഞ്ഞിട്ടുണ്ടു്.

(സി) മൈനർ ഇറിഗേഷൻ ക്ലാസ്സു് 2 പദ്ധതികൾക്കുവേണ്ടി കൂടുതൽ തുക അനുവദിക്കുന്നകാര്യം ഗവണ്മെന്റു് പരിഗണിച്ചുവരികയാണു്.

(ഡി) മൈനർ ഇറിഗേഷൻ ക്ലാസ്സു് 2 വർക്കുകൾ പൂർത്തിയാക്കുന്നതിനു് ചില പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളതു് വാസ്തവമാണു്. എന്നാൽ കൂടുതൽ തുക അനുവദിക്കുമ്പോൾ ഇന്നത്തെ വിഷമസ്ഥിതി മൈനർ ഇറിഗേഷൻ ക്ലാസ്സു് 2 വർക്കുകളെ സംബന്ധിച്ചിടത്തോളം മാറുന്നതാണു്. ക്ലാസ്സു് 1 മൈനർ ഇറിഗേഷൻ വർക്കുകൾക്കും ലിഫ്റ്റു് ഇറിഗേഷൻ വർക്കുകൾക്കും ഫണ്ടിന്റെ അപര്യാപ്തത അനുഭവപ്പെട്ടിട്ടില്ല.

ശ്രീ. പി. പി. ജോർജ്ജു്: ഇതനുസരിച്ചു് ഈ സാമ്പത്തിക വർഷത്തിൽ ബാക്കി കാലത്തേക്കു് മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽപ്പെട്ട ഉദ്യോഗസ്ഥന്മാർക്കു് എത്ര ജോലി നൽകണമെന്നാണു് ഗവണ്മെന്റു് ഉദ്ദേശിക്കുന്നതു്?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: കൂടുതൽ സംഖ്യ നീക്കിവയ്ക്കാൻ സാധിക്കാതെ വരുന്ന ഘട്ടത്തിലെ അതു് ആലോചിക്കാൻ പറ്റുകയുള്ളൂ.

ശ്രീ. പി. പി. ജോർജ്ജു്: ജില്ലാ വികസനസമിതികൾ മുൻഗണന അനുസരിച്ചു് പാസാക്കികഴിഞ്ഞിട്ടുള്ള മൈനർ ഇറിഗേഷൻ പണികൾ എപ്പോൾ ആരംഭിക്കുമെന്നു പറയാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES, Kerala Legislative Assembly

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: പല പ്രവൃത്തികളും പുരോഗമിച്ചുകൊണ്ടിരിക്കുകയാണു്. ഒരു കോടി രൂപ ഉണ്ടെന്നുവന്നാൽ ഈ വർഷത്തിൽ പൂർത്തിയാക്കാൻ ആഗ്രഹിക്കുന്ന പ്രവൃത്തികളും പൂർത്തിയാക്കാൻ സാധിക്കും.

ശ്രീ. എം. മൊയ്തീൻകുട്ടിഹാജി: മലപ്പുറം ജില്ലയിലെ പല ലിഫ്റ്റു് ഇറിഗേഷൻ പദ്ധതികളും രണ്ടു മൂന്നുകൊല്ലക്കാലമായി പൂർത്തിയാകാതെ കിടക്കുകയാണെന്നുള്ള കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതു് പരിഹരിക്കാൻ എന്തു നടപടികളാണു് എടുക്കാൻ ഉദ്ദേശിക്കുന്നതു്?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ബഹുമാനപ്പെട്ട മെമ്പർ ആ സംഗതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടു്. അതനുസരിച്ചു് ആവശ്യമായ നടപടികളും എടുക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. ഇ. ററി. കുഞ്ഞൻ: തൃത്താല നിയോജകമണ്ഡലത്തിലുള്ള ആനക്കര ഇറിഗേഷൻ പദ്ധതിയുടേയും കുഡല്ലൂർ ഇറിഗേഷൻ പദ്ധതിയുടേയും പ്രവർത്തനം സ്തംഭിച്ചുകിടക്കുകയാണെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ): ടെൻഡർ കഴിഞ്ഞിട്ടും പണികളും ആരംഭിക്കാത്ത രണ്ടുമൂന്നു പദ്ധതികളും എന്റെ നിയോജകമണ്ഡലത്തിലുണ്ടു്. അതു് ആരംഭിക്കാൻ വേണ്ട നടപടികളും സ്വീകരിക്കുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ലിഫ്റ്റു് ഇറിഗേഷൻ പദ്ധതികളുടെ പ്രവർത്തനത്തിൽ കുറെ കാലതാമസം വന്നിട്ടുണ്ടു്. അതിനു കാരണം എസ്റ്റിമേറ്റു് തയ്യാറാക്കിയ സന്ദർഭത്തിലുള്ള ഷെഡ്യൂൾറേറ്റു് വർദ്ധിപ്പിച്ചുകൊണ്ടു് ഉത്തരവുണ്ടായതിനു ശേഷം പുതിയ ഷെഡ്യൂൾറേറ്റു് അനുസരിച്ചു് ചില പദ്ധതികളുടെ എസ്റ്റിമേറ്റു് റിവൈസു് ചെയ്യേണ്ടതായി വന്നതാണു്. അങ്ങനെ കാലതാമസം വന്നിട്ടുണ്ടു്. മറ്റു കാരണങ്ങളാൽ കാലതാമസം വന്നിട്ടുണ്ടോ എന്നുള്ള കാര്യം പരിശോധിക്കാം.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: പണി പൂർത്തിയാക്കിയിട്ടു് ഇതേവരെ കമ്മീഷൻ ചെയ്യാതെ കിടക്കുന്ന ചെകുത്താൻകുണ്ടു് ലിഫ്റ്റു് ഇറിഗേഷൻ എന്നു് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നു പറയാമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: എന്നു കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നു പറയാൻ സാധിക്കുകയില്ല. ബഹുമാനപ്പെട്ട മെമ്പറുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ടു്.

ശ്രീ. കെ. എം. ജോർജ്ജ്: മൈനർ ഇറിഗേഷൻ പദ്ധതികൾക്കുവേണ്ടി കേന്ദ്രത്തിൽനിന്നു ധനസഹായമായി നാം ആവശ്യപ്പെട്ടിരുന്ന തുക മുഴുവൻ ഇതേവരെ ലഭിച്ചിട്ടുണ്ടോ? അങ്ങനെ ലഭിച്ചിട്ടില്ലെങ്കിൽ മുഴുവൻ തുകയും ലഭിക്കുന്നതിനു് പ്രത്യേകമായി നിവേദനം നടത്തുന്നതിനു് ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഉദ്ദേശിക്കുന്നുണ്ടു്, മൊത്തത്തിൽ ഒന്നായിട്ടാണു് സ്റ്റേററിലെ പദ്ധതികളുടെ വിഹിതം അനുവദിക്കുക. അതു് സ്റ്റേററു് പ്ലാനിംഗു് ബോർഡിന്റെ ശുപാർശ അനുസരിച്ചാണു് അനുവദിക്കുന്നതു്. കൂടുതൽ സംഖ്യ അനുവദിച്ചുകിട്ടാൻ കേന്ദ്രത്തിൽ നിവേദനം നടത്താൻ തീരുമാനിച്ചുകഴിഞ്ഞിട്ടുണ്ടു്.

ശ്രീ. പന്തളം പി. ആർ. മാധവൻ പിള്ള: ഈ വർഷത്തിൽ ഏതെങ്കിലും പുതിയ പദ്ധതി തുടങ്ങുന്നതിനുവേണ്ടി തുക ചെലവാക്കിയിട്ടുണ്ടോ; കഴിഞ്ഞ വർഷത്തിലേതു് എന്തെങ്കിലും കൊടുത്തു തീർക്കാനുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: 50 ലക്ഷത്തിനുമേൽ വരുന്ന സംഖ്യ ഗ്രാന്റ് അകപ്പിസിഷൻ അവാർഡ് അനുസരിച്ചും മറും കൊടുത്തു തീർക്കാനുണ്ട്. അതു് എത്രണ്ടിലാണെന്നുള്ളതു് പരിശോധിക്കാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. കെ. ശേഷൻ: ജലസേചനസൗകര്യങ്ങളെ സംബന്ധിച്ചിടത്തോളം അതിപ്രധാനങ്ങളായ ചില വർക്കുകളുണ്ട്. അതെല്ലാം നിലവിലുള്ള എക്കണോമിക് ലിമിറ്റിനകത്തു വരുന്നില്ല എന്നു പറഞ്ഞു് ഉപേക്ഷിക്കപ്പെടാൻ ഇടവരുന്നതുകൊണ്ടു് ഇത്തരം വർക്കുകളുടെ പ്രാധാന്യത്തെ മുൻനിർത്തി എക്കണോമിക് ലിമിറ്റു് വർദ്ധിപ്പിക്കുവാൻ അനുഭാവപൂർവ്വം നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഈ ഗവണ്മെന്റു വന്നതിനുശേഷം രണ്ടു പ്രാവശ്യം ലിമിറ്റു് ഉയർത്തിയിട്ടുണ്ട്. ഇപ്പോൾ ആയിരം രൂപയാണു് വച്ചിട്ടുള്ളതു്. അതുപോരെന്നു പല ഭാഗത്തുനിന്നും നിവേദനം വന്നിട്ടുണ്ട്. എന്നാൽ ചില സന്ദർഭങ്ങളിൽ നാട്ടിലെ ജലസേചനസൗകര്യവും മറും നോക്കി കൂടുതൽ തുക ചെലവാക്കിയാൽ അതിന്റെ പ്രയോജനം ലഭിക്കുമെന്നും കാര്യക്ഷമമായി നടത്താമെന്നും ഡിപ്പാർട്ടുമെന്റിനു് അഭിപ്രായമുണ്ടെങ്കിൽ പ്രത്യേക പരിഗണന കൊടുത്തു് എക്സംപ്റ്റു ചെയ്യുന്നുണ്ട്. എന്തായാലും ഇക്കാര്യം പരിശോധിക്കാം.

ശ്രീ. എം. എ. തോമസ്: മൈനർ ഇറിഗേഷന്റെ കാര്യത്തിൽ മലയോരപ്രദേശങ്ങളെ തീരെ അവഗണിച്ചിരിക്കുകയാണു്. തൊടുപുഴ താലൂക്കിന്റെ കിഴക്കൻ ഭാഗങ്ങളിൽ ഒന്നു രണ്ടു് മൈനർ ഇറിഗേഷൻ പദ്ധതികളും ആരംഭിക്കണമെന്നു് ഞാൻ നിവേദനം നടത്തുകയും അതനുസരിച്ചു് ഉറപ്പു തരികയും ചെയ്തിട്ടുള്ളതാണു്. എന്നാൽ അതനുസരിച്ചു് ഇതുവരെ യാതൊരു നടപടിയും നടത്തിയിട്ടില്ല. ഇക്കാര്യത്തിൽ ഗവണ്മെന്റു് അടിയന്തിരമായി ശ്രദ്ധിക്കുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: മൈനർ ഇറിഗേഷനെ സംബന്ധിച്ചിടത്തോളം ഇൻവെസ്റ്റിഗേഷൻ നടപടികളും പ്രവർത്തന നടപടികളും ഒരേ ഡിപ്പാർട്ടുമെന്റു് ഉദ്യോഗസ്ഥർ തന്നെ കൈകാര്യം ചെയ്യുന്നതുകൊണ്ടു് ഇൻവെസ്റ്റിഗേഷനു് കാലതാമസം ഉണ്ടാകുന്നുണ്ട്. ആ കാലതാമസം ഒഴിവാക്കാൻവേണ്ടി ഇൻവെസ്റ്റിഗേഷനു വേണ്ടി ഒരു പ്രത്യേക വിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടു് വളരെ വേഗം ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കാൻ കഴിയും. ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞാൽ ഉടൻതന്നെ കാര്യങ്ങൾ ശരിയാകുന്നതാണു്.

ശ്രീ. കെ. ഏ. ശിവരാമഭാരതി: പാലക്കാട് ജില്ലയിലെ പല ഇറിഗേഷൻ പദ്ധതികളും പ്രവൃത്തി ആരംഭിച്ചിട്ടു് വളരെയധികം കാലമായിട്ടും പൂർത്തിയാകാതെ കിടക്കുകയാണു്. അടുത്ത ഏതാനും മാസങ്ങൾക്കുള്ളിൽ പ്രവർത്തനം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: അതിന്റെ തടസം എന്താണെന്നു പരിശോധിക്കാതെ പറയാൻ നിവൃത്തിയില്ല. പൂർത്തിയാക്കാൻ കാലതാമസം ഉണ്ടാകുമോ എന്നു് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.

ശ്രീ. ടി. എം. മീതിയൻ: എറണാകുളത്തു് പല മൈനർ ഇറിഗേഷൻ വർക്കുകളും ടെൻഡർ കൊടുക്കുകയും പിന്നീടു് ഷെഡ്യൂൾ റിവൈസ് ചെയ്തുകൊണ്ടു് വർക്ക് തുടങ്ങാൻ സാധിക്കാതെ വരികയും ചെയ്തിട്ടുണ്ട്. ഈ വർഷം ഫണ്ടില്ലെന്നു പറഞ്ഞു് ആ വർക്കും തുടങ്ങാൻ സാദ്ധ്യമല്ലാത്ത ഒരവസ്ഥയാണു്. ഇക്കാര്യത്തിൽ അടിയന്തിരശ്രദ്ധ പതിയുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഫണ്ടില്ലാത്തതുകൊണ്ടു് പ്രവൃത്തി തുടങ്ങാൻ തടസ്സമുണ്ടായിട്ടില്ല. പേയ്മെന്റിനു തടസ്സം ഉണ്ടായതുകൊണ്ടു് പ്രവൃത്തി തുടങ്ങുന്നതിനു് യാതൊരു തടസ്സവും ഉണ്ടായിട്ടില്ല. ഇപ്പറഞ്ഞതു്. ഏതാണെന്നു പരിശോധിച്ചിട്ടു് വേണ്ടതു ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. മീതിയൻ: ഫണ്ടില്ലെന്നു പറഞ്ഞു് പ്രവൃത്തി ആരംഭിക്കാൻ നിവൃത്തിയില്ലെന്നു് ഡി. ഡി. സി. യിൽ പറഞ്ഞിട്ടുണ്ടു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: ഈ പ്രവൃത്തിയെ സംബന്ധിച്ചിടത്തോളം ഈ വർഷത്തെ അലോട്ടുമെൻറിൽ തുക ഉൾക്കൊള്ളിച്ചിട്ടില്ലാത്തതുകൊണ്ടായിരിക്കണം അങ്ങനെ പറഞ്ഞിട്ടുള്ളതു്. എന്നാൽ വർക്കിൻെറ കാര്യത്തിൽ ഫണ്ടില്ലാത്തതുകൊണ്ടു് കഴ്പ്പം ഇപ്പോൾ ഉണ്ടായിട്ടില്ല. പ്രവൃത്തികളെ സംബന്ധിച്ചു് മൊത്തത്തിൽ ഒരു ഷെഡ്യൂൾ ഉണ്ടാക്കുകയാണു് ചെയ്യുന്നതു്. അതു് മിക്കവാറും ഡി. ഡി. സി. യുടെ അഭിപ്രായംകൂടി അറിഞ്ഞിട്ടാണു് പ്രയോറിറ്റി കൊടുക്കുന്നതു്. അങ്ങനെ പ്രയോറിട്ടി കൊടുക്കുമ്പോൾ ഈ വർഷത്തെ ബഡ്ജറ്റിൽ ഫണ്ടു് ഉണ്ടായി എന്നു വരികയില്ല. അതായിരിക്കും കാരണം. ഫണ്ടില്ലാത്തതുകൊണ്ടു് പണി ആരംഭിക്കാൻ സാധിക്കുകയില്ലെന്നു പറഞ്ഞിട്ടുണ്ടെങ്കിൽ അതു പരിശോധിക്കാം.

ശ്രീ. പി. കുഞ്ഞൻ: മൈനർ ഇറിഗേഷൻ വർക്കുകൾ ആരംഭിക്കാൻ വളരെയധികം കാലതാമസം വരുന്നതുകൊണ്ടു് ഇൻവെസ്റ്റിഗേഷനുവേണ്ടി ഒരു പ്രത്യേക വിംഗു് ഉണ്ടാക്കിയെന്നു പറയുകയുണ്ടായി. എന്നാൽ അവിടെ സ്റ്റാഫു് കുറവായതുകൊണ്ടു് പ്രവർത്തനം വേഗത്തിൽ നടക്കുന്നില്ല. അതുകൊണ്ടു് ആവശ്യമായ സ്റ്റാഫിനെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: പൊതുവിൽ വർക്കുലോഡു് അനുസരിച്ചുള്ള സ്റ്റാഫു് ഉണ്ടു്. എന്നാൽ വർക്കുലോഡു് കൂടുതലാണെന്ന അഭിപ്രായം പല ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടു്. അതു് പരിശോധിച്ചുകൊണ്ടിരിക്കുകയാണു്;

ശ്രീ. എ. വി. ആര്യൻ: ഇന്നുവരെ പണിപൂർത്തിയാക്കിയിട്ടുള്ള മൈനർ ഇറിഗേഷൻ പദ്ധതികളിൽ എത്രയെണ്ണം ഉപയോഗശൂന്യമായിത്തീർന്നിട്ടുണ്ടെന്നു പറയാമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: അതിനുവേണ്ടി ഗവണ്മെൻറു് ഒരു പ്രത്യേക സെക്ഷൻ നിശ്ചയിച്ചിരിക്കുകയാണു്. ഓരോ ഡിസ്ട്രിക്ടിലും പണി പൂർത്തിയായിട്ടും ഉപയോഗശൂന്യമായിക്കിടക്കുന്ന മൈനർ ഇറിഗേഷൻ പദ്ധതികളെ പുതുക്കിയെടുക്കുന്നതിനു് സാദ്ധ്യതയുണ്ടോ എന്നന്വേഷിക്കുന്നതിനും വല്ല കൺവർഷനും നടത്തി പ്രയോജനപ്രദമാക്കാൻ കഴിയുമോ എന്നും പരിശോധിക്കുന്നതിനും വേണ്ടിയാണു് അങ്ങനെ ഒരു സെക്ഷൻ ഉണ്ടാക്കിയിട്ടുള്ളതു്. ആദ്യ പ്രയോറിട്ടി കൊടുത്തിട്ടുള്ളതു് കൊല്ലം ഡിസ്ട്രിക്ടിനാണു്. അവിടെ പ്രവൃത്തി ഉടൻതന്നെ ആരംഭിക്കും.

ശ്രീ. എ. വി. ആര്യൻ: റിപ്പോർട്ടു് എന്നേക്കു കിട്ടുമെന്നു് പറയാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: കൊല്ലം സിസ്ട്രിക്ടിനെ സംബന്ധിച്ചു് മൂന്നുമാസത്തിനകം റിപ്പോർട്ടു് തരണമെന്നാണു് നിർദ്ദേശം നൽകിയിട്ടുള്ളതു്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: തിരുവനന്തപുരം ജില്ലയിൽ മുഖ്യമായും മൈനർ ഇറിഗേഷൻ കൊണ്ടുള്ള ജലസേചനം മാത്രമേ ഉള്ളൂ എന്നുള്ളതുകൊണ്ടു് ഈ ജില്ലയിലേക്കു് കൂടുതൽ തുക അലോട്ടുചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടു് ഡി. ഡി. സി. അയച്ചിട്ടുള്ള പ്രമേയത്തിന്മേൽ ഗവണ്മെൻറു് എന്തു തീരുമാനമെടുത്തു?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: കൂടുതൽ തുക ആവശ്യമാണോ തിരുവനന്തപുരം ജില്ലയിലേക്കു് എന്നു് പരിശോധിച്ചിട്ടു് സംഖ്യ ഉള്ളപ്പോൾ പ്രത്യേക പരിഗണന കൊടുക്കണമെന്നുള്ളതാണു് വസ്തുത എങ്കിൽ അതുചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ജോൺജേക്കബ്ബ്: മലനാടൻ പ്രദേശങ്ങളിൽ മൈനർ ഇറിഗേഷൻ വർക്കുകൾ ടെൻഡർ വിളിച്ച് കോൺട്രാക്ടർമാർക്ക് കൊടുക്കുന്നതിനുപകരം കൂടുതൽ കാര്യക്ഷമമായിട്ടും ഗവണ്മെൻറിനു ചെലവു കുറഞ്ഞും പാടശേഖരക്കമ്മറ്റികൾ ആ വർക്കുകൾ എടുത്തുചെയ്യുന്നതാണു നല്ലതെന്നു പല തവണ ബോദ്ധ്യപ്പെടുത്തിയിട്ടും ഇതുവരെയും അതിനുള്ള നടപടികൾ എടുക്കാത്തതിന്റെ കാരണമെന്താണു?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഈ വർക്കുകൾ ലോക്കൽ കമ്മിറ്റികളെ ഏൽപ്പിക്കുന്ന സംപ്രദായം മുൻപുണ്ടായിരുന്നു. പക്ഷെ ഒരു ഹൈക്കോടതി വിധിയിലുണ്ടായ കമൻറുസു പരിശോധിച്ചപ്പോൾ ആ നിലയിലുള്ള പ്രവർത്തനം ശരിയല്ലെന്നുകണ്ടു അതനുസരിച്ചു നിർത്തിവച്ചിരിക്കുകയാണു. അതു പുനരാലോചനചെയ്തു വീണ്ടും പ്രാവർത്തികമാക്കണമെന്നുള്ള നിവേദനം നിയമസഭാ സമാജികന്മാരിൽ പലരിൽ നിന്നും വന്നിട്ടുണ്ടു. അക്കാര്യം ആലോചിച്ചുകൊണ്ടിരിക്കുകയാണു.

ശ്രീ. സി. എം. കുട്ടി: കോഴിക്കോട്ടുജില്ലയിൽ പല വർക്കുകളും ഫണ്ടില്ലാത്തതുകൊണ്ടു നിർത്തിവച്ചിരിക്കുകയാണു. സ്തംഭനം ഒഴിവാക്കാൻവേണ്ടി പ്ലാനിംഗ് കമ്മീഷന്റെ പണം കിട്ടുന്നതിനുമുൻപായിത്തന്നെ മറേതെങ്കിലും പണം ഡൈവർട്ടു ചെയ്യുന്നതിനു നടപടിയെടുക്കുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് മൈനർ ഇറിഗേഷനെസംബന്ധിച്ചിടത്തോളം ക്ലാസു (1) അലോട്ടുമെൻറിൽനിന്നും, ക്ലാസു (2) ലേക്കു അലോട്ടു ചെയ്യാൻ സാങ്കേതികമായ വൈഷമ്യമുണ്ടു. മറേതെങ്കിലും ഫണ്ടു ഇതിനുവേണ്ടി ഉപയോഗിക്കാമോ എന്നു ഡിപ്പാർട്ടുമെൻറു പരിശോധിച്ചുകൊണ്ടിരിക്കുകയാണു.

ശ്രീ. ബി. മാധവൻനായർ: ഗവൺമെൻറു അനുവദിച്ചിട്ടുള്ളതും ഡിപ്പാർട്ടുമെൻറു ടെൻറർ വിളിച്ചിട്ടുള്ളതുമായ പല മൈനർ ഇറിഗേഷൻ വർക്കുകളെസംബന്ധിച്ചും പഞ്ചായത്തു എക്സിക്യൂട്ടീവു ഓഫീസറന്മാർ എഗ്രിമെൻറു വയ്ക്കാൻ വിസമ്മതിക്കുകയാണു. എന്നാൽ പഞ്ചായത്തു പ്രസിഡൻറാവൈസ്പ്രസിഡൻറാ എഗ്രിമെൻറു വയ്ക്കാമെന്നു ഗവൺമെൻറിനെ അറിയിച്ചിട്ടുള്ള വർക്കുകളെ സംബന്ധിച്ചിടത്തോളം പഞ്ചായത്തുപ്രസിഡൻറാ വൈസ് പ്രസിഡൻറാ എഗ്രിമെൻറു വച്ചു വർക്കുകൾ നടത്താൻ ഗവൺമെൻറു അനുവാദം കൊടുക്കാതിരിക്കുകയുമാണു. ഇതിനു എന്താണു കാരണം; വളരെ വേഗം അനുവാദം കൊടുക്കാൻ ഗവൺമെൻറു തയ്യാറാകുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഇക്കാര്യത്തിൽ പഞ്ചായത്തുഡിപ്പാർട്ടുമെൻറിനോടു ചില നിർദ്ദേശങ്ങൾ കൊടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടു. പഞ്ചായത്തു നോമിനിക്കു വർക്കുകൾ കൊടുക്കുകയെന്നുള്ള ഒരു സംപ്രദായം മുൻപുണ്ടായിരുന്നു. അതിന്റെ ഫലമായി പഞ്ചായത്തിനു യാതൊരു ഗുണവും ഉണ്ടാകുന്നില്ല. നേരേമറിച്ചു നോമിനിക്കാണു ഗുണമുണ്ടാകുന്നതു. അതുകൊണ്ടു പഞ്ചായത്തിനു എടുക്കണമെന്നുണ്ടെങ്കിൽ ഔദ്യോഗികമായി എടുക്കണമെന്നു നിർദ്ദേശമുണ്ടു. ഔദ്യോഗികമായി എടുക്കണമെങ്കിൽ എക്സിക്യൂട്ടു ചെയ്യാനുള്ള അവകാശം എക്സിക്യൂട്ടീവു ഓഫീസർക്കാണു. ടെൻറർ ഉണ്ടാക്കുന്നതിനും പ്രവൃത്തിപ്പിക്കുന്നതിനും ഓഡിറ്റിനുള്ള കണക്കുകൾ ശരിയാക്കുന്നതിനും എല്ലാമുള്ള അധികാരം പഞ്ചായത്തു എക്സിക്യൂട്ടീവു ഓഫീസർക്കാണു. അതനുസരിച്ചു മറൊരാളും എക്സിക്യൂട്ടു ചെയ്യാൻ പാടില്ല. എക്സിക്യൂട്ടീവു ഓഫീസർമാരോടു ഇത്തരം വർക്കുകൾ എടുക്കാനുള്ള നടപടിയെടുക്കാൻ നിർദ്ദേശം കൊടുക്കണമെന്നു ആവശ്യപ്പെട്ടിട്ടുണ്ടു. പുതിയൊരു സംപ്രദായ സ്വീകരിക്കുവാൻ സാധിക്കുമോ എന്നും പരിശോധിക്കാം.

ശ്രീ. പി. പി. കൃഷ്ണൻ: പാലക്കാട്ടുജില്ലയിലെ ഒറ്റപ്പാലം താലൂക്കിൽ മൈനർ ഇറിഗേഷൻ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. അതിന്റെ കാരണമെന്താണു?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: കുറെ മൈനർ ഇറിഗേഷൻ സ്കീമുകളും ഭാരതപ്പുഴയുടെ കരയിൽ തുടങ്ങണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. ചിലതിന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

ശ്രീ. വി. വി. കുഞ്ഞമ്പു: കണ്ണൂർ ജില്ലയിലെ തൃത്താല മൈനർ ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം പരാജയമാണെന്ന പരാതിയെത്തുടർന്ന് കണ്ണൂർ ജില്ലയിലെ പദ്ധതികളുടെ കാര്യം അന്വേഷിക്കുവാൻ ഒരു കമ്മിറ്റിയെ നിശ്ചയിക്കുകയുണ്ടായിട്ടുണ്ട് എന്ന കാര്യം ഗവൺമെന്റിനറിയാമോ; അതിന്റെ റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കോപ്പി ഗവൺമെന്റിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഗവൺമെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടില്ല. കണ്ണൂർജില്ലയിലെ പദ്ധതികളും മിക്കതും ഫലപ്രദമല്ലെന്നു പറയുന്നതു് ശരിയല്ല. ചില പ്രത്യേക പദ്ധതികളും ഫലപ്രദമല്ലെന്ന റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ആ പദ്ധതികളും ഞാൻ തന്നെ ചില ഉദ്യോഗസ്ഥന്മാരുമൊത്തു് സന്ദർശിക്കുകയും അടിയന്തിരമായി പുനരുദ്ധരിക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അതിനുള്ള പ്രവർത്തനങ്ങളും നടക്കുകയുമാണു്. പുതിയതായി പദ്ധതികളും വല്ലതും കാര്യക്ഷമമല്ലെന്നു പറഞ്ഞാൽ അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാടു്): ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ പുത്തേരി പഞ്ചായത്തിലെ മൈനർ ഇറിഗേഷൻ പ്രവർത്തനത്തെ ശരിക്കു നടക്കുന്നില്ലെന്നുള്ള കാര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടു്. എന്നിട്ടും ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കാരണം എന്താണെന്നു വ്യക്തമാക്കാൻ തയ്യാറാകുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: അതു സംബന്ധിച്ച നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. എ. പി. കുര്യൻ: എത്രയാണു് ലക്ഷം രൂപാ ചെലവുവരുന്ന ആവണംകോട്ടു് പദ്ധതിയുടെ ടെൻഡർ നടപടികളും പൂർത്തിയായിട്ടും മറ്റു ചിലകാരണങ്ങളും കൊണ്ടു് അതിന്റെ പണിയാരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഉടനെതന്നെ അതിന്റെ നടപടിയാരംഭിക്കാൻ ആവശ്യമായ നടപടികളും സ്വീകരിക്കുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന അവസരത്തിൽ സാധനങ്ങളും ട്രാൻസ്പോർട്ട് ചെയ്യുന്ന റേറ്റിൽ ചില പിശകുകളും വന്നതുകൊണ്ടു് ലോവസ്റ്റ് ടെൻഡറുകാരനു് അതു കൊടുക്കാൻ പാടില്ലെന്ന ഒരു റിപ്പോർട്ടു് ഗവർമ്മെന്റിനു കിട്ടി. അതിന്റെ അടിസ്ഥാനത്തിൽ അതു് ലാ ഡിപ്പാർട്ടുമെന്റിന്റെ പരിശോധനയ്ക്കു് അയച്ചിരിക്കുകയാണു്. അവരുടെ പരിശോധന കഴിഞ്ഞാൽ ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണു്.

ശ്രീ. എ. പി. കുര്യൻ: ആറേഴു മാസത്തിനുമുമ്പാണു് ഈ റിപ്പോർട്ടു് ഗവർമ്മെന്റിനു കിട്ടിയതു്. എന്നിട്ടു് ഇത്രയധികം കാലതാമസം വരുന്നതെന്താണു് തീരുമാനമെടുക്കാൻ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ആറേഴു മാസത്തിനുമുമ്പേ കിട്ടിയെന്നു പറയുന്നതു് ശരിയല്ല. ഏതാനും ആഴ്ചകളുമുമ്പാണു് കിട്ടിയതു്. വന്ന ഉടനെ ലാ ഡിപ്പാർട്ടുമെന്റിനു് അയച്ചു. അവിടെ ചെറിയ താമസംവന്നു. അത്രമാത്രമേ ഉള്ളു.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: ഈ മൈനർ ഇറിഗേഷൻവർക്കുകളിൽ പമ്പിച്ചതുകളുടെ വെട്ടിപ്പുകളും നടന്നിട്ടുണ്ടെന്നു് ഗവർമ്മെന്റിനു് അറിയാമോ?

ശ്രീ പി. രാമുണ്ണിക്കുറുപ്പ്: അങ്ങനെ പരാതി കിട്ടിയിട്ടില്ല.

ശ്രീ. ആർ. എസ് ഉണ്ണി: 1967—68ലെ ഈ സഭയിലെ എസ്റ്റിമേറ്റ് കമ്മിറ്റി റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട കൊല്ലം ജില്ലയിലെ പെരുങ്കുളംഏരിയ ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം ഭംഗിയായി നടത്തിക്കൊണ്ടു പോകാൻ യാതൊരു നടപടിയും സ്വീകരിക്കാത്തതിനു് കാരണമെന്താണു്?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: പരിശോധിച്ചു് ആവശ്യമായ നടപടി സ്വീകരിക്കാം.

കല്ലടപദ്ധതി

* 146 [581] ശ്രീ. പി. രവീന്ദ്രൻ:
,, കെ. ജി. കുഞ്ഞുകൃഷ്ണപിള്ള
,, ടി. എ. മജീദു്
} താഴെകാണുന്ന ചോദ്യങ്ങൾക്കു് ജലസേചനവും സഹകരണവും മന്ത്രി സദയം മറുപടിനൽകുമോ:

(എ) ഇൻവെസ്റ്റിഗേഷൻ ആരംഭിച്ചശേഷം നിറുത്തിവച്ച ഏതെങ്കിലും നദീതട പദ്ധതി ഉണ്ടോ;

(ബി) കല്ലട പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടംവരെ എത്തിയിട്ടുണ്ടു്;

(സി) അണക്കെട്ടിന്റെ പണി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണു് പ്രതീക്ഷിക്കുന്നതു്;

(ഡി) ഈ പദ്ധതിമൂലം എത്ര ഏക്കർ നെൽകൃഷിക്കും, എത്ര ഏക്കർ കരകൃഷിക്കും ഉപയോഗിക്കാമെന്നു പ്രതീക്ഷിക്കുന്നു;

(ഇ) ഈ പദ്ധതിയനുസരിച്ചുള്ള റൈറ്റു് ബാങ്കു് കനാലും, ലെഫ്റ്റു് ബാങ്കു് കനാലും ഒരേകാലത്തു് നിർമ്മിച്ചുതുടങ്ങണമെന്നു് നിവേദനം ലഭിച്ചിട്ടുണ്ടോ;

(എഫ്) ഇതിനെപ്പറ്റിയുള്ള ഗവണ്മെന്റിന്റെ നിലപാടു് എന്താണു്;

(ജി) ഈ പദ്ധതിയുടെ ലെഫ്റ്റു് ബാങ്കു് ചാനൽ പൂർത്തിയാകുന്നതോടുകൂടി ചിറയിൻകീഴു് താലൂക്കിലെ പ്രദേശങ്ങളുംപ്പെടെ ജലസേചനം നടത്താൻ കഴിയുമെന്നു് പ്രതീക്ഷിക്കാമോ?

ജലസേചനവും സഹകരണവും മന്ത്രി (ശ്രീ. പി. രാമുണ്ണിക്കുറുപ്പു്):

(എ) ഇല്ല.

(ബി) 15 കിലോമീറ്റർ ദൂരത്തിലുള്ള വലതുകനാലിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി. അതിന്റെ ലാന്റു് അക്വിസിഷൻ പ്രവർത്തനങ്ങളും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 16 മുതൽ 31 കിലോമീറ്റർവരെയുള്ള വലതുകനാലിന്റെ ഡീറ്റെയിൽസു് ഇൻവെസ്റ്റിഗേഷനു ശേഷമുള്ള ലാന്റു് അക്വിസിഷൻ നടന്നുവരികയാണു്. വലതുകനാലിന്റെ ബാക്കിയുള്ള ഭാഗങ്ങളിലും ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നുണ്ടു്. മെയിൻഡാമിന്റെ എക്സവേഷൻ പണിയും പുരോഗമിച്ചുവരുന്നു. വിയറിന്റെ മുന്നിലൊന്നു പണി പൂർത്തിയായിട്ടുണ്ടു്.

(സി) അണക്കെട്ടിന്റെ അടിത്തറപണി മിക്കവാറും കഴിഞ്ഞു. മേസണറി ജോലി അടുത്തുതന്നെ ആരംഭിക്കുന്നതാണു്.

(ഡി) ഈ പദ്ധതികൊണ്ടു് മൊത്തം 1, 30, 000 ഏക്കർ സ്ഥലത്തു് ജലസേചനം നടത്താൻ കഴിയും.

(ഇ) ഉണ്ടു്.

(എഫ്) ഈ പ്രശ്നം ഗവർമ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണു്.

(ജി) കല്ലടപദ്ധതിയുടെ ഇടതുകനാൽ കൊണ്ടു് ജലസേചനസൗകര്യം ലഭിക്കുന്ന പ്രദേശങ്ങളിൽ ചിറയിൻകീഴു് താലൂക്കു് ഉൾപ്പെട്ടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly